"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി - പെരിനാട് ഗ്രാമപഞ്ചായത്തിലെ രമാവതി സുധിലാൽ -ന് വീട് വിൽക്കാൻ അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു,

---

**തദ്ദേശസ്വയംഭരണ (ഡി ഇ ) വകുപ്പ്**

സ.ഉ.(സാധാ) നം.761/2026/LSGD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-
1. 23.02.2026 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ഖണ്ഡിക നമ്പർ 4.44 തീരുമാനം
2. പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.03 2026 ലെ 2674638/2025 നമ്പർ കത്ത്

**ഉത്തരവ്**

പെരിനാട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി രമാവതി സുധിലാൽ ന് ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ വീട് വിൽക്കാൻ അനുമതി നൽകുന്ന വിഷയത്തിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരാമർശം 1 പ്രകാരം, ഗുണഭോക്താവും കുടുംബവും ഭവനരഹിതർ ആകാതിരിക്കാൻ പകരം വീടുംസ്ഥലവും വാങ്ങും എന്ന് ഉറപ്പാക്കേണ്ടതാണെന്നും വീടും സ്ഥലവും വാങ്ങിയതിനു ശേഷം ഗ്രാമപഞ്ചായത്തിലേയ്ക്ക് തിരികെ അടയ്ക്കേണ്ട 2.00 ലക്ഷം രൂപയും പലിശയും ഒഴിവാക്കുന്നത് പരിഗണിക്കാവുന്നതാണെന്നും വകുപ്പുതലത്തിൽ തീരുമാനമെടുക്കാനും നിർദ്ദേശിച്ചിരുന്നു.

2. ജപ്തി നടപടികൾ നേരിടുന്നതുമൂലം വീട് വിൽക്കേണ്ടതുണ്ടെന്നും വീട് വിറ്റാൽ കിട്ടുന്ന തുകയ്ക്ക് ബാങ്കിന്റെ കടം വീട്ടി ബാക്കി തുകയ്ക്ക് വീടും വസ്തുവും വാങ്ങിക്കൊള്ളാമെന്നും അപേക്ഷക പഞ്ചായത്തു മുൻപാകെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട് എന്നും, ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ തുകയും പലിശയും ഒഴിവാക്കി വസ്തു വിൽപ്പന നടത്താൻ ടിയാൾക്ക് അനുമതി നലകണമെന്ന് ശിപാർശ ചെയ്ത ഭരണ സമിതി തീരുമാനം , ഗ്രാമപഞ്ചായത്ത് സെകട്ടറിയുടെ സാക്ഷ്യപത്രം എന്നിവ ഉള്ളടക്കം ചെയ്തുകൊണ്ട്, വീടും സ്ഥലവും വിൽപന നടത്തി കട ബാധ്യത ഒഴിവാക്കുന്നതിനുള്ള അനുമതി നൽകുന്നതിന് പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 2 പ്രകാരം, അപേക്ഷ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗുണഭോക്താവും കുടുംബവും ഭവനരഹിതർ ആകാതിരിക്കാൻ ; അപേക്ഷക പകരം വീടും സ്ഥലവും വാങ്ങിയതിനു ശേഷം ഗ്രാമപഞ്ചായത്തിലേയ്ക്ക് തിരികെ അടച്ച 2.00 ലക്ഷം രൂപ മടക്കി നൽകുന്നതാണ് എന്ന വ്യവസ്ഥയിൽ; പലിശ ഒഴിവാക്കിക്കൊണ്ട് പെരിനാട് ഗ്രാമപഞ്ചായത്തിലെ രമാവതി സുധിലാൽ -ന് വീട് വിൽക്കാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ തിരുവനന്തപുരം

സെക്രട്ടറി, പെരിനാട് ഗ്രാമപഞ്ചായത്ത്

സംസ്ഥാന ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഡി എ ) വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ) തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 16-03-2026 09:37:49

സെക്ഷൻ ഓഫീസർ